നം.എം.4/31744/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി: 01.06.2018

## സർക്കുലർ

സർ,

വിഷയം : മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളും നടത്തുന്നത് - സംബന്ധിച്ച്:-

സൂചന : 1)ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 31.05.2018 ന് ചേർന്ന പ്രസ്തുത വിഷയം സംബന്ധിച്ച യോഗ നടപടിക്രമം.

2) 17.05.2018 ലെ ഇതേ നമ്പർ സർക്കുലർ.

*****

മഴക്കാലത്ത് പനിപോലുള്ള പകർച്ച വ്യാധികളും കൊതുക് ജന്യരോഗങ്ങളും പടർന്ന് പിടിക്കുന്നത് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസുകളിലും, സ്കൂളുകളിലും എല്ലാ ആഴ്ചയിലും ഒരു ദിവസം എന്ന രീതിയിൽ ഡ്രൈ ഡേ ആചരിക്കേണ്ടതാണ്. പ്രസ്തുത പരിപാടിയുടെ ഭാഗമായി വിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസുകളിൽ 02.06.2018 ശനിയാഴ്ചയും സ്കൂളുകളിൽ 04.06.2018 ന് തിങ്കളാഴ്ചയുമാണ് ഈ ആഴ്ചയിൽ ഡ്രൈ ഡേ ആചരിക്കേണ്ടത്. എന്നാൽ തുടർന്ന് വരുന്ന എല്ലാ ആഴ്ചകളിലും ഓഫീസുകളിൽ ശനിയാഴ്ചകളിലും സ്കൂളുകളിൽ വെള്ളിയാഴ്ചയിലും ഡ്രൈ ഡേ ആചരിക്കേണ്ടതാണ്. പ്രസ്തുത പരിപാടിയുടെ ഭാഗമായി കൊതുകുകൾ പെരുകുന്നതിനുള്ള സാഹചര്യം പൂർണ്ണമായും ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. പ്രതിമാസ റിപ്പോർട്ട് ജില്ലയിൽ ക്രോഡീകരിച്ച് മാസാവസാനം ഈ ഓഫീസിലേയ്ക്ക് നൽകുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ശ്രദ്ധിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറകടർക്കുവേണ്ടി

സ്വീകർത്താവ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
4. എല്ലാ സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന).

പകർപ്പ് :

കരുതൽ ഫയൽ